"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 'കൃഷിദർശൻ' പരിപാടി - രൂപരേഖയും നിർവഹണവും സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**കൃഷി (ഇ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.738/2022/AGRI തീയതി,തിരുവനന്തപുരം, 12-08-2022

---

പരാമർശം :- 03.08.2022-ൽ ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനം

**ഉത്തരവ്**

"ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാന കൃഷി വകുപ്പ് മന്ത്രിയും കൃഷി വകുപ്പിലെ സംസ്ഥാനതല ഉദ്യോഗസ്ഥരും സംസ്ഥാനത്തെ കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിലെ കർഷകരോട് സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനായി "**കൃഷി ദർശൻ**" എന്ന പരിപാടി സർക്കാർ വിഭാവനം ചെയ്തിരിക്കുന്നു.

2. ഈ വർഷത്തെ സംസ്ഥാനതല കർഷക ദിനാചരണത്തോടനുബന്ധിച്ച് ചിങ്ങം ഒന്ന് (2022 ആഗസ്റ്റ് 17) -ന് തുടക്കം കുറിക്കുന്ന പ്രസ്തുത പരിപാടി, അനുബന്ധമായി ചേർത്തിരിക്കുന്ന മാർഗനിർദ്ദേശങ്ങൾ പ്രകാരം ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

3. പ്രസ്തുത പരിപാടിയുടെ നടത്തിപ്പിനാവശ്യമായ ചെലവ് ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്
ഡയറക്ടർ, മണ്ണ്പര്യവേക്ഷണ മണ്ണ്സംരക്ഷണ വകുപ്പ്
ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്
രജിസ്ട്രാർ, സഹകരണവകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**'കൃഷിദർശൻ'**

**രൂപരേഖയും ,നിർവ്വഹണം സംബന്ധിച്ച മാർഗനിർദ്ദേശങ്ങളും.**

1. സംസ്ഥാനത്തെ മുഴുവൻ കൃഷി ബ്ലോക്കുകളിലും ഘട്ടം ഘട്ടമായാണ് 'കൃഷി ദർശൻ' പരിപാടി നടത്തുന്നത്. ഈ സാമ്പത്തിക വർഷം 28 ബ്ലോക്കുകളിലായിരിക്കും പരിപാടി നടത്തുക. ഒരു ജില്ലയിൽ ഒന്ന് എന്ന ക്രമത്തിൽ ജില്ലാതല പരിപാടിയായി ഒന്നാം ഘട്ടവും ജില്ലയിൽ ഒന്ന് എന്ന കണക്കിൽ ബ്ലോക്ക് തല പരിപാടിയായി രണ്ടാം ഘട്ടവും ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണ്.
2. മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന പരിപാടിയായാണ് 'കൃഷി വകുപ്പ് മന്ത്രിയുടെ കൃഷി ദർശൻ" പരിപാടി ആസൂത്രണം ചെയ്തിരിക്കുന്നത്.
3. കൃഷി ദർശൻ പരിപാടിയുടെ പ്രചരണാർത്ഥം **കൃഷി ദർശൻ വിളംബര ജാഥ** ചിങ്ങം 1-നു എല്ലാ കൃഷി ഭവനുകളും കേന്ദ്രീകരിച്ച് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. ജില്ലയിലെ കാർഷിക പ്രാധാന്യമുള്ള ഒരു ബ്ലോക്ക് ജില്ലാതല പരിപാടിക്കായി തെരഞ്ഞെടുക്കേണ്ടതാണ്.
5. മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന കാർഷിക- ഭക്ഷ്യ -ശാസ്ത്ര സാങ്കേതിക എക്സിബിഷൻ സംഘടിപ്പിക്കേണ്ടതാണ്.
6. രണ്ടാം ദിവസം രാവിലെ 9 മണി മുതൽ 11 മണിവരെ കൃഷി ദർശൻ പരിപാടിയുടെ ഭാഗമായി ജില്ലയിലെ എല്ലാ കൃഷി ഉദ്യോഗസ്ഥരെയും കൃഷി വകുപ്പ് മന്ത്രി നേരിട്ട് കണ്ടു പദ്ധതി പുരോഗതി വിലയിരുത്തും. ജില്ലയിലെ കാർഷിക മേഖലയിലെ സാധ്യതകൾ, ഞങ്ങളും കൃഷിയിലേയ്ക്ക്, കൃഷിക്കൂട്ടങ്ങളുടെ സ്ഥിതി, കാർഷിക പ്രശ്നങ്ങൾ, നടത്തിപ്പ് പ്രശ്നങ്ങൾ എന്നിവയും അവലോകനം ചെയ്യും. **11.30** മണി മുതൽ **1** മണി വരെ ജില്ലയിലെ കർഷകരെ മന്ത്രി നേരിട്ട് കേട്ട് പ്രശ്നങ്ങൾ മനസ്സിലാക്കുന്ന കാർഷിക അദാലത്ത് നടത്തും. 2 മണി മുതൽ 4.30 വരെ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികളും ഉദ്യോഗസ്ഥരുമായി കാർഷിക മേഖലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ മന്ത്രി

വിലയിരുത്തും. കൃഷി വകുപ്പിന്റെ പദ്ധതികളും തദ്ദേശസ്വയംഭരണ വകുപ്പിന്റെ കാർഷിക മേഖലയിലെ പദ്ധതികളും ഏകോപിപ്പിക്കുന്ന നടപടികൾ കൈക്കൊള്ളും.

7. മേൽ യോഗത്തിൽ ജില്ലാ കളക്ടർ, മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, മത്സ്യ ബന്ധന വകുപ്പ്, സഹകരണ വകുപ്പ് ജില്ലയിലെ ബാങ്കുകളുടെ മേധാവികൾ എന്നിവരുടെ സാന്നിദ്ധ്യം കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

8. 5 മണി മുതൽ 8 മണി വരെ ബ്ലോക്കിലെ ഒരു പഞ്ചായത്ത് കേന്ദ്രമാക്കി ബഹു. മന്ത്രിയുടെ **ഞങ്ങളും കൃഷിയിലേയ്ക്ക് -ഗൃഹ സന്ദർശനം',** ഒരു കർഷകഭവനം കേന്ദ്രീകരിച്ച് "ഭവന കൂട്ടായ്മ", കാർഷിക / സാംസ്കാരിക പരിപാടികള്‍ എന്നിവ സംഘടിപ്പിക്കേണ്ടതാണ്. (പരിപാടികളിൽ ബഹു. മന്ത്രിയുടെ സാന്നിദ്ധ്യമുണ്ടായിരിക്കുന്നതാണ്. )

9. മൂന്നാം ദിവസം രാവിലെ 8മണി മുതൽ 10 മണി വരെ 3 കൃഷിയിടങ്ങൾ ബഹു. കൃഷി വകുപ്പ് മന്ത്രി സന്ദർശിക്കുന്നതും, വിളയിറക്ക് അല്ലെങ്കിൽ വിളവെടുപ്പ് പരിപാടിയിലും **1 1** മണിക്ക് ജില്ലയിലെ കൃഷിക്കൂട്ട സംഗമത്തിലും നേരിട്ട് പങ്കെടുക്കുന്നതുമായിരിക്കും.

10. ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലേയും എല്ലാ കൃഷിക്കൂട്ട അംഗങ്ങളും പഞ്ചായത്ത് തിരിച്ച് ജാഥയായി ജില്ലാതല ബ്ലോക്കിൽ സംഗമിക്കേണ്ടതാണ്. ഈ വേദിയിൽ വച്ച് ബ്ലോക്കിലെ ഒരു പഞ്ചായത്തിനെ മാതൃകാ ഹരിത പോഷക ഗ്രാമമായും , ജില്ലയിലെ ഒരു കൃഷിഭവനെ SMART കൃഷി ഭവനായും പ്രഖ്യാപിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തേണ്ടതാണ്.

11. കൃഷിക്കൂട്ട സംഗമത്തിൽ ജില്ലയുടെ ചുമതലയുള്ള മന്ത്രി, എം.പി, ജില്ലയിലെ എം.എൽ.എ -മാർ, ജില്ലാകളക്ടർ, ബ്ലോക്ക പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്കിലെ ഗ്രാമ പഞ്ചായത്തു പ്രസിഡന്റുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ,ജില്ലാ പഞ്ചായത്ത് പ്രതിനിധി, എന്നിവരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തേണ്ടതുമാണ്.

12. കൃഷിക്കൂട്ട സംഗമത്തിന്റെ ഭാഗമായുള്ള ഘോഷയാത്രയിൽ പ്രചരണ വാഹനങ്ങൾ കൃഷിക്കൂട്ടങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള പങ്കാളിത്തം, കുട്ടി കർഷകൻ, യന്ത്രോപകരണങ്ങളുടെ റാലി, കാർഷിക കർമ്മസേന പരേഡ് എന്നിവ സജ്ജീകരിക്കേണ്ടതാണ്.

13. ജില്ലയിലെ ഏറ്റവും നല്ല കൃഷി/മണ്ണ് സംരക്ഷണ ഉദ്യോഗസ്ഥരെ (കൃഷി അസിസ്റ്റന്റ് മുതൽ അസിസ്റ്റന്റ് ഡയറക്ടർ തുല്യമായ തസ്തിക വരെയുള്ള ) ആദരിക്കുന്നതായിരിക്കും. പാരിതോഷിക/കരാർ / താത്കാലിക വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്കും പ്രത്യേകമായ ആദരവ് നൽകേണ്ടതാണ്.

14. ഏറ്റവും നല്ല കാർഷിക കർമ്മസേനാംഗം ഏറ്റവും നല്ല പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് എറ്റവും നല്ല കർഷക/കർഷകൻ/കുട്ടികർഷകൻ, ഏറ്റവും നല്ല ഹരിത സ്കൂൾ, മാധ്യമ റിപ്പോർട്ടിംഗ്, നവീന കൃഷിരീതി കർഷകൻ, കർഷക സൗഹൃദ ബാങ്ക്, ഏറ്റവും നല്ല IFS ജൈവ പ്ലോട്ട്, ഏറ്റവും നല്ല PACS എന്നിവയ്ക്കും പുരസ്കാരം നൽകേണ്ടതാണ്.

15. കൃഷി ദർശൻ പരിപാടിയുടെ ഭാഗമായി ഭരണപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന്

സെക്രട്ടേറിയറ്റ് കൃഷി വകുപ്പില്‍ 2 സെക്ഷന്‍ ഓഫീസര്‍ 3 അസിസ്റ്റന്റ് 2 അണ്ടര്‍/ഡെപ്യൂട്ടി സെക്രട്ടറി അടങ്ങുന്ന ടീം അഡീഷണല്‍ സെക്രട്ടറിയുടെ നേതൃത്വത്തില്‍ പ്രവര്‍ത്തിക്കുന്നതാണ്. സെക്രട്ടേറിയറ്റിലേതിന് സമാനമായ ഒരു ടീം കൃഷി അഡീഷണല്‍ ഡയറക്ടറുടെ നേതൃത്വത്തില്‍ ഡയറക്ടറേറ്റിലും , പ്രിന്‍സിപ്പല്‍ കൃഷി ഓഫീസറുടെ നേതൃത്വത്തില്‍ ബന്ധപ്പെട്ട പ്രിന്‍സിപ്പല്‍ കൃഷി ഓഫീസിലും രൂപീകരിച്ച് 16/08/2022-ന മുമ്പ് രൂപീകരിച്ച് പട്ടിക സര്‍ക്കാരിലേയ്ക്ക് കൈമാറേണ്ടതാണ്. കൃഷി ദര്‍ശനുമായി ബന്ധപ്പെട്ട ആസൂത്രണം, പരാതി പരിഹാരം , ആനുകൂല്യ വിതരണം തുടങ്ങിയ എല്ലാ പ്രവര്‍ത്തനങ്ങളും പൂര്‍ണ്ണമായും ഡിജിറ്റലി ലിങ്ക് ചെയ്യപ്പെട്ട ഈ- സംവിധാനമായിരിക്കും ഏകോപിപ്പിക്കുക.

16. കൃഷി ദര്‍ശന്‍ പരിപാടിയുടെ മുഴുവന്‍ ആസൂത്രണ ചുമതലയും കൃഷി ഡയറക്ടര്‍ക്ക് ആയിരിക്കും . ഇതിലേയ്ക്കായി കൃഷി ഡയറക്ടര്‍ ചെയര്‍മാനും , കേരളാ കാര്‍ഷിക സര്‍വ്വകലാശാല രജിസ്ട്രാര്‍, മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടര്‍ എന്നിവര്‍ വൈസ് ചെയര്‍മാന്‍മാരും, പ്രിന്‍സിപ്പല്‍ ഇന്‍ഫര്‍മേഷന്‍ ഓഫീസര്‍ - ഫാം ഇന്‍ഫര്‍മേഷന്‍ ബ്യൂറോ കണ്‍വീനറും, കേരളാ കാര്‍ഷിക സര്‍വ്വകലാശാല ഡയറക്ടര്‍ (എക്സ്റ്റെന്‍ഷന്‍) , കൃഷി ഡയറക്ടറേറ്റിലേയും മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലേയും അഡീഷണല്‍ ഡയറക്ടര്‍മാര്‍ എന്നിവര്‍ കമ്മിറ്റി അംഗങ്ങളുമായി ഒരു സമിതി രൂപീകരിക്കേണ്ടതും ജില്ലകളിലെ കൃഷി ദര്‍ശന്‍ പരിപാടിയ്ക്ക് 15 ദിവസം മുമ്പ് തന്നെ ഈ കമ്മിറ്റി കൂടി പരിപാടികള്‍ ആസൂത്രണം ചെയ്യേണ്ടതുമാണ് . ഈ യോഗത്തില്‍ ബന്ധപ്പെട്ട ജില്ലയിലെ പ്രിന്‍സിപ്പല്‍ കൃഷി ഓഫീസര്‍ പ്രത്യേക ക്ഷണിതാവായി പങ്കെടുക്കേണ്ടതാണ്.

17. ജില്ലയിലെ കൃഷി ദര്‍ശന്‍ പരിപാടിയുടെ അവസാന രണ്ടു ദിവസങ്ങളിലും കേരള കാര്‍ഷിക സര്‍ വ്വകലാശാലയിലെ അവസാന വര്‍ഷ വിദ്യാര്‍ത്ഥികള്‍ പൂര്‍ണ്ണസമയവും ഈ പരിപാടിയില്‍ കോഴ്സിന്റെ ഭാഗമായി പങ്കെടുക്കേണ്ടതും അവസാന വര്‍ഷ വിദ്യാര്‍ഥികളെ ജില്ല തിരിച്ചു തുല്യ പ്രാതിനിദ്ധ്യത്തില്‍ പങ്കെടുപ്പിക്കുവാന്‍ ആവശ്യമായ നടപടികള്‍ രജിസ്ട്രാര്‍, കേരള കാര്‍ഷിക സര്‍വ്വകലാശാല കൈക്കൊള്ളേണ്ടതുമാണ്.

18. കൃഷി ദര്‍ശന്‍ പരിപാടിയുടെ ഭാഗമായുള്ള എക്സിബിഷനില്‍ കൃഷി വകുപ്പിന്റെ കീഴിലുള്ള എല്ലാ പൊതുമേഖലാസ്ഥാപനങ്ങളും, കേരള കാര്‍ഷിക സര്‍വ്വകലാശാലയും, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പും സജീവമായി പങ്കെടുക്കേണ്ടതാണ്.

19. പരിപാടിയുടെ ദൃശ്യ/ശ്രവ്യ മാധ്യമങ്ങളിലൂടെയുള്ള പരസ്യ പ്രചരണവും, പൂര്‍ണ്ണമായ ഡോക്യുമെന്റേഷനും ഫാം ഇന്‍ഫര്‍മേഷന്‍ ബ്യൂറോ /എംപാനല്‍ഡ് ഏജന്‍സിയുടെ സഹായത്തോടെ കാര്‍ഷിക വികസന കര്‍ഷകക്ഷേമ വകുപ്പ് ഡയറക്ടര്‍ നടത്തേണ്ടതാണ്.